# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഡൽഹി ഭദ്രാസനത്തിന്റെ
## ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ : 08

നമ്മുടെ അധികാരത്തിൽപ്പെട്ട ഡൽഹി ഭദ്രാസനത്തിലെ സകല പള്ളികളുടെയും വികാരിമാരും, ഇടവകചുമതലക്കാരും, ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

ദൈവകൃപയാൽ ഡൽഹി മാർത്തോമ്മാ പബ്ളിക് സ്കൂൾ നിർമ്മാണം ആരംഭിച്ചു. അതിന്റെ ഒന്നാം ഘട്ടം ഈ വർഷം തന്നെ പൂർത്തിയാക്കുവാൻ കഴിയും. 2010 ഏപ്രിൽ 5–ന് സ്കൂൾ പ്രവർത്തിച്ചു തുടങ്ങുവാൻ ആവശ്യമായ താൽകാലിക ക്രമീകരണം ചെയ്തു കഴിഞ്ഞു. നേഴ്സറി, എൽ. കെജി., യു. കെജി., സ്റ്റാൻറേർഡ് 1 എന്നി ക്ലാസുകളിലേക്കാണ് അഡ്മിഷൻ ആരംഭിച്ചിട്ടുള്ളത്.

സ്കൂൾ കെട്ടിടനിർമ്മാണത്തിന് ആവശ്യമായ തുക സംഭാവനയായി സമാഹരിക്കുവാൻ നാമെല്ലാവരും കൂട്ടായി യത്നിക്കണം. ആയതു സംബന്ധിച്ച് സ്കൂൾ നിർമ്മാണകമ്മറ്റിയുടെയും ഫണ്ട് റെയ്സിംഗ് കമ്മറ്റിയുടെയും സംയുക്തയോഗം നിർദ്ദേശിച്ചതിൻ പ്രകാരം ഭദ്രാസന കൗൺസിൽ കൂടി ആവശ്യമായ ക്രമീകരണം ചെയ്തിരിക്കുന്നു. ഫ്രണ്ട്സ് ഓഫ് ദി ഡൽഹി മാർത്തോമ്മാ പബ്ളിക് സ്കൂൾ എന്ന പേരിൽ ഭദ്രാസനത്തിൽപെട്ട പ്രായപൂർത്തിയായ എല്ലാവരും അവരവരുടെ കഴിവിന്റെ പരമാവധി സംഭാവന നൽകുവാൻ തക്കവിധം കൂപ്പണുകൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. 10,000/– രൂപ, 5,000/– രൂപ, 2,000/– രൂപ, 500/– രൂപ എന്ന നിരക്കിൽ പ്ലാറ്റിനം, ഡയമണ്ട്, ഗോൾഡ്, സിൽവർ എന്ന ക്രമത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ 8 ലക്ഷം രൂപ നൽകുന്നവർക്ക് അവരുടെ പേരിൽ ഒരു മുറി സ്പോൺസർ ചെയ്യുവാൻ സൗകര്യമുണ്ടായിരിക്കും.

സംഭാവന സമാഹരണത്തിന്റെ ഭദ്രാസനതല ഉദ്ഘാടനം **2010 മാർച്ച് 10–ാം തീയതി ബുധനാഴ്ച വൈകിട്ട് 6.30–ന്** ന്യൂഡൽഹി യരുശലേം മാർത്തോമ്മാ പള്ളിയിൽ വച്ചു കൂടുന്ന പട്ടക്കാർ, ഇടവകചുമതലക്കാർ (നടപ്പു വർഷത്തെയും പുതുവർഷത്തെയും) മണ്ഡലം – അസംബ്ലി അംഗങ്ങൾ, സംഘടനകളുടെ ചുമതലക്കാർ, മറ്റ് അഭ്യുദയകാംഷികൾ എന്നിവർ അടങ്ങുന്ന ഫ്രണ്ട്സ് ഓഫ് ദി സ്കൂൾ സംഗമത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്.

ഈ സംരംഭത്തിൽ എല്ലാവരും പങ്കു ചേർന്ന് ചിലവഴിക്കുന്ന ഓരോ തുകയും നമ്മുടെ ഭാവിതലമുറക്കായി നിക്ഷേപിക്കുന്നതാണ് എന്ന ബോധ്യത്തോടെ പ്രാർത്ഥനാപൂർവ്വം സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2010 ജനുവരി മാസം 27–ാം തീയതി ഡൽഹി മാർത്തോമ്മാ സെന്ററിൽ നിന്നും

Marpaulos+

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

N. B. : **മാർച്ച് 10–ാം തീയതി പകുതി നോമ്പ് ആകയാൽ സന്ധ്യനമസ്ക്കാരത്തോടുകൂടി സംഗമം ആരംഭിക്കുന്നതാണ്.**